✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1084

# സൂറ – 36 / യാസീൻ

**സൂക്തം: 11 – 12**

ആളുകളുടെ വാക്കുകളും പ്രവൃത്തികളും രേഖപ്പെടുത്തുന്നതിൽ അല്ലാഹുവിന് ഏതെങ്കിലും തരത്തിലുള്ള അശ്രദ്ധയോ അലംഭാവമോ സംഭവിക്കുമെന്ന് ആരും തെറ്റിദ്ധരിക്കേണ്ടതില്ല. ഓരോ കാര്യവും അവൻ സുവ്യക്തമായ പട്ടികയിൽ കൃത്യമായി ചേർക്കുന്നുണ്ട്. അന്ത്യനാളിൽ ആ പട്ടിക ഓരോരുത്തരുടെയും മുന്നിൽ അവരുടെ ചെറുതും വലുതുമായ എല്ലാ നന്മതിന്മകളോടെയും തുറന്നുകാണിക്കും.

إِنَّمَا تُنذِرُ مَنِ اتَّبَعَ الذِّكْرَ وَخَشِيَ الرَّحْمَٰنَ بِالْغَيْبِ ۖ
فَبَشِّرْهُ بِمَغْفِرَةٍ وَأَجْرٍ كَرِيمٍ ﴿١١﴾

11. ഉദ്ബോധനത്തെ പിന്തുടരുകയും കരുണാമയനായ ദൈവത്തെ കാണാതെ തന്നെ ഭയഭക്തരാവുകയും ചെയ്യുന്നവരിൽ മാത്രമേ മുന്നറിയിപ്പ് ഫലപ്രദമാകൂ. അത്തരക്കാരെ പാപമുക്തിയുടെയും ആദരണീയമായ കർമഫലത്തിന്റെയും സുവിശേഷം അറിയിച്ചുകൊള്ളുക.

**11**

إِنَّمَا تُنذِرُ = നീ മുന്നറിയിപ്പ് നൽകുന്നത് (മുന്നറിയിപ്പു ഫലപ്രദമാകൂ)

مَنِ اتَّبَعَ الذِّكْرَ = ഉദ്ബോധനത്തെ പിന്തുട(രുകയും)ർന്നവനെയും

وَخَشِيَ الرَّحْمَٰنَ بِالْغَيْبِ = അദൃശ്യതയിലുള്ള കരുണാമയനെ ഭയപ്പെടുന്നവനെയും (കരുണാമയനായ ദൈവത്തെ കാണാതെ തന്നെ ഭയഭക്തനാവുകയും ചെയ്യുന്നവനെ) മാത്രം

فَبَشِّرْهُ = അവനെ (അത്തരക്കാരെ) സുവിശേഷം അറിയിച്ചുകൊള്ളുക

بِمَغْفِرَةٍ وَأَجْرٍ كَرِيمٍ = പാപമുക്തി(യുടെയും)കൊണ്ടും ആദരണീയമായ കർമഫലം(ലത്തിന്റെയും)കൊണ്ടും

അതായത്, സന്ദേശം ശ്രദ്ധിച്ചു കേൾക്കുകയും മനസ്സിന്റെ കവാടങ്ങൾ അതിനുവേണ്ടി തുറന്നിടുകയും സദ്ബുദ്ധി കൊണ്ടും സദ്വിചാരം കൊണ്ടും അതിനെ പരിശോധിക്കാൻ തയാറാവുകയും അഗോചരനായ പരമകാരുണികന്റെ പ്രൗഢിയും പ്രതാപവുമോർത്ത് മനസ്സിൽ അവനോട് ഭയഭക്തിയുണരുകയും ചെയ്യുന്നവരിൽ മാത്രമേ പ്രവാചകന്റെ പ്രബോധനം സഫലമാകൂ. ഇന്ദ്രിയാനുഭവങ്ങളിൽ മാത്രം വിശ്വസിച്ച്, ജഡികാസക്തികളെ മാത്രം പിൻപറ്റി ജീവിക്കുന്നവർ ദൈവിക ശിക്ഷ നേരിൽ കാണുന്നതുവരെ ഒരു മുന്നറിയിപ്പും

അംഗീകരിക്കാൻ കൂട്ടാക്കുകയില്ല. ഇന്ദ്രിയങ്ങൾ കൊണ്ട് നേരിട്ടനുഭവിച്ച കാര്യങ്ങളിൽ വിശ്വാസത്തിന് പ്രസക്തിയില്ല. അത് അനുഭവജ്ഞാനമാണ്. ഇന്ദ്രിയങ്ങൾക്കതീതമായ ജ്ഞാനമാണ് ഈമാൻ. ഇന്ദ്രിയങ്ങൾക്കു പുറമെ ബുദ്ധി, വികാരം തുടങ്ങിയ മാനസിക യോഗ്യതകളെക്കൂടി പ്രയോജനപ്പെടുത്തുന്നതിൽനിന്ന് ഉളവാകുന്ന അഗോചരജ്ഞാനമാണ് പരിഗണനീയമായ ഈമാൻ. ഇപ്പറഞ്ഞ രീതിയിൽ ദൈവിക സന്ദേശത്തിൽ വിശ്വസിക്കുകയും അദൃശ്യനായ അല്ലാഹുവിനോട് ഭയഭക്തരാവുകയും ചെയ്യുന്നവർക്ക് അല്ലാഹുവിങ്കൽനിന്ന് പാപമുക്തിയും മഹത്തായ കർമഫലവും ഉണ്ടായിരിക്കുമെന്ന് സുവിശേഷം. ഒരാളുടെ പ്രൗഢിയും ഗാംഭീര്യവും പ്രതാപവും മറ്റുള്ളവരിൽ ഉണർത്തുന്ന ഭീതിയും വിധേയത്വവുമാണ്, മൂലത്തിൽ ഉപയോഗിച്ച خشية. ഗുരുതര വിഷയങ്ങളിലുണ്ടാകുന്ന ഉത്കണ്ഠക്കും ഭയത്തിനും കൂടി ഈ പദം ഉപയോഗിക്കാറുണ്ട്. ദാരിദ്ര്യത്താൽ സ്വന്തം മക്കളെ മാന്യമായി ഭക്ഷണം കൊടുത്ത് പോറ്റാൻ കഴിയില്ല എന്നു ഭയപ്പെടുന്നതിനെ ഖുർആൻ خشية املاق എന്നു പറയുന്നുണ്ട്. അല്ലാഹുവിന്റെ പരമ കാരുണികതയുടെ -رحمانية- താൽപര്യമാണ് സൃഷ്ടികൾക്ക് അവനോടുണ്ടാകുന്ന ഭയഭക്തി -خشية. പരമകാരുണികനായതുകൊണ്ടാണ് അവൻ ശിഷ്ട ജനത്തിന് സമ്മാനവും ദുഷ്ട ജനത്തിന് ശിക്ഷയും വിധിക്കുന്നത്. അവന്റെ കാരുണികത്വം പൂർണമായി വെളിപ്പെടുന്നതിനു വേണ്ടി നിശ്ചയിക്കപ്പെട്ടതാണ് രക്ഷാശിക്ഷകൾ വിധിക്കപ്പെടുന്ന ദിനം. ●

---

إِنَّا نَحْنُ نُحْيِ ٱلْمَوْتَىٰ وَنَكْتُبُ مَا قَدَّمُوا۟ وَءَاثَٰرَهُمْ ۚ وَكُلَّ شَىْءٍ أَحْصَيْنَٰهُ فِىٓ إِمَامٍ مُّبِينٍ ﴿١٢﴾

12. തീർച്ചയായും മരിച്ചുപോയവരെയെല്ലാം ഒരു നാൾ നാം തന്നെ ജീവിപ്പിക്കുന്നതാകുന്നു. അവർ ചെയ്തുവെച്ച കർമങ്ങളും പിറകിലുപേക്ഷിച്ച അവശിഷ്ടങ്ങളും നാം രേഖപ്പെടുത്തുന്നുണ്ട്. സകല സംഗതിയും ഒരു തുറന്ന പുസ്തകത്തിൽ കൃത്യമായി എഴുതിവെച്ചിരിക്കുന്നു.

**12**

إِنَّا نَحْنُ = തീർച്ചയായും നാം തന്നെ نُحْيِي الْمَوْتَىٰ = മരിച്ചുപോയവരെ(യെല്ലാം ഒരു നാൾ) ജീവിപ്പിക്കുന്നതാകുന്നു

وَنَكْتُبُ = നാം രേഖപ്പെടുത്തുന്നു مَا قَدَّمُوا = അവർ മുന്തിച്ചത് (ചെയ്തുവെച്ച കർമങ്ങൾ)

وَآثَارَهُمْ = അവരുടെ (പിറകിലുപേക്ഷിച്ച) അവശിഷ്ടങ്ങളും وَكُلَّ شَيْءٍ = എല്ലാ ഓരോ സംഗതിയും

أَحْصَيْنَاهُ = നാം ക്ലിപ്തപ്പെടുത്തി (കൃത്യമായി എഴുതിവെച്ചിരിക്കുന്നു)

فِي إِمَامٍ مُّبِينٍ = ഒരു തെളിഞ്ഞ, തുറന്ന പുസ്തകത്തിൽ

അല്ലാഹുവിന്റെ കാരുണ്യം എന്ന യാഥാർഥ്യം മൂർത്തരൂപത്തിൽ വെളിപ്പെടുന്ന രക്ഷാശിക്ഷാ വിധിദിനത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. സാരമിതാണ്: മരിച്ചുപോയ സകലരെയും പുനരുജ്ജീവിപ്പിക്കുന്ന ഒരു നാൾ വരുന്നുണ്ട്. അവർ ഈ ലോകത്ത് ജീവിച്ചപ്പോൾ ചെയ്തുവെച്ച കർമങ്ങളും ഭാവിയിലേക്ക് വിട്ടുപോകുന്ന കാര്യങ്ങളുമെല്ലാം അല്ലാഹു രേഖപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. മരിച്ചവരെയെല്ലാം ജീവിപ്പിക്കുന്നതിന്റെയും അവരുടെ കർമങ്ങൾ രേഖപ്പെടുത്തുന്നതിന്റെയും അനിവാര്യതയാണ് ഓരോരുത്തരോടും അവരുടെ കർമങ്ങൾക്ക് യോജിച്ച സമീപനം ഉണ്ടാവുക എന്നത്. ഈ അനിവാര്യ ഫലം ഇവിടെ വ്യക്തമായി പ്രസ്താവിക്കുന്നില്ല. പറയാതെ തന്നെ അതു മനസ്സിലാക്കാം എന്നതാണതിന്റെ ഒരു കാരണം. രണ്ടാമത്തെ കാരണം ഇതാണ്; ഉയിർത്തെഴുന്നേൽപു വിഷയത്തിൽ നിഷേധികൾ ഉന്നയിച്ചിരുന്നത് മുഖ്യമായും രണ്ടു സംശയങ്ങളായിരുന്നു: 1) മരണാനന്തരം വീണ്ടും ജീവിപ്പിക്കുക അസാധ്യമാകുന്നു. 2) പ്രവിശാലമായ ഈ ലോകത്ത് ജീവിച്ചു മരിച്ചവരുടെയെല്ലാം സകല കർമങ്ങളും വാക്കുകളും ഒരുനാൾ വിശദമായി വിചാരണ ചെയ്യാൻ പറ്റിയ വണ്ണം എഴുതി സൂക്ഷിക്കാൻ ആർക്കു കഴിയും?! ഈ രണ്ടു സന്ദേഹവും ദൂരീകരിക്കപ്പെടുമ്പോൾ അതിനുശേഷം വരുന്ന ഈ അനിവാര്യ ഫലം സ്വയം പ്രകാശിതമാകുന്നു.

مَا قَدَّمُوا എന്നാൽ 'അവർ മുന്തിച്ചത്' എന്നാണ് ഭാഷാർഥം. ജീവിച്ചിരിക്കുമ്പോൾ ചെയ്തുകൂട്ടിയ കർമങ്ങൾ എന്ന അർഥത്തിലാണ് ഖുർആൻ പലയിടത്തും ما قدم എന്നുപയോഗിച്ചിട്ടുള്ളത്. أثر-ന്റെ ബഹുവചനമാണ് آثار. അവശിഷ്ടം, അടയാളം, മുദ്ര, ആഘാതം, പ്രതിഫലനം, സ്വാധീനം എന്നിങ്ങനെ പല അർഥങ്ങൾ വഹിക്കുന്ന പദമാണ് اثر. പൗരാണികാവശിഷ്ടങ്ങൾക്ക് الآثارُ القديمة എന്നു പറയും. ഹദീസ് നിദാനശാസ്ത്രത്തിൽ പ്രവാചക ശിഷ്യന്മാരിൽനിന്ന് ഉദ്ധരിക്കപ്പെടുന്ന വചനം أثر ആകുന്നു. ഒരാൾ ചെയ്ത കർമങ്ങൾ സൃഷ്ടിക്കുന്ന നല്ലതോ ചീത്തയോ ആയ അനന്തര ഫലങ്ങളാണ് ഇവിടെ آثار കൊണ്ടുദ്ദേശ്യം. ഒരാൾ ഉണ്ടാക്കിയ ജനോപകാരപ്രദമായ ഒരു സ്ഥാപനവും അതിന്റെ പ്രയോജനവും മരണാനന്തരം അയാളുടെ اثر ആകുന്നു. പൂർവികർ നിർമിച്ച ആരാധനാലയങ്ങൾ, ആതുരാലയങ്ങൾ, ധർമസ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, ഗ്രന്ഥങ്ങൾ തുടങ്ങിയവയെല്ലാം അവരുടെ آثار -കളിൽപെടുന്നു. ഒരാൾ നടപ്പിലാക്കിയ നല്ല സമ്പ്രദായം പിൽക്കാലത്ത് ആളുകൾ തുടരുമ്പോൾ അത് അയാളുടെ اثر ആകുന്നു. ചീത്ത സ്ഥാപനങ്ങളുടെയും സമ്പ്രദായങ്ങളുടെയും കാര്യവും ഇതുതന്നെ. ഒരാൾ നേരിട്ടു ചെയ്ത കർമങ്ങൾ മാത്രമല്ല, ആ കർമങ്ങൾ പിന്നീട് ഉളവാക്കിയ നന്മതിന്മകളും വിചാരണാവിധേയമാകുമെന്നാണിത് സൂചിപ്പിക്കുന്നത്. നബി(സ) പ്രസ്താവിച്ചതായി ഇമാം മുസ്‌ലിമും അഹ്‌മദും ഉദ്ധരിക്കുന്നു:

مَنْ سَنَّ سُنَّةً حَسَنَةً فَلَهُ أَجْرُهَا وَاَجْرُ مَنْ عَمِلَ بِهَا إِلَى يَوْمِ الْقِيَامَة وَمَنْ سَنَّ سُنَّةً سَيِّئَةً فَعَلَيْهِ وِزْرُهَا وَوِزْر مَنْ عَمِل بِهَا إِلَى يَوْمِ الْقِيَامَة

'ഒരു നല്ല സമ്പ്രദായമുണ്ടാക്കുന്നവന് അതിന്റെ ഫലവും അന്ത്യനാൾ വരെ അതു പ്രവർത്തിച്ചവരുടെ ഫലവും ലഭിക്കുന്നു. ഒരു ചീത്ത സമ്പ്രദായമുണ്ടാക്കിയവന്റെ മേൽ അതിന്റെ പാപഭാരവും അന്ത്യനാൾ വരെ അതു പ്രവർത്തിച്ചവരുടെ പാപഭാരവുമുണ്ടായിരിക്കും.'

ചില പണ്ഡിതന്മാരുടെ വീക്ഷണത്തിൽ, ഒരു കാര്യം ചെയ്യുന്നതിനു മുമ്പ് അത് ചെയ്യണമെന്ന് എടുക്കുന്ന തീരുമാനം- نيّة ആകുന്നു مَا قَدَّمُوا. പിന്നെ ആ തീരുമാനം നടപ്പിലാക്കുന്നതാണ് آثَار. ഈ വീക്ഷണത്തിന് ഉപോദ്ബലകമായി ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഒരു ഹദീസ് ഉന്നയിക്കപ്പെടുന്നുണ്ട്:

مَنْ هَمَّ بِحَسَنَةٍ فَلَمْ يَعْمَلْهَا كُتِبَ لَهُ حَسَنَةً وَمَنْ هَمَّ بِهَا فَعَمِلَهَا كُتِبَ لَهُ عَشْرًا

'ഒരാൾ ഒരു നല്ല കാര്യം തീരുമാനിച്ചിട്ട് അത് ചെയ്യാൻ കഴിയാതെ പോയാലും അയാളുടെ പേരിൽ ഒരു നന്മ എഴുതപ്പെടുന്നു. നല്ല കാര്യം തീരുമാനിച്ചിട്ട് അത് ചെയ്താലോ, അയാളുടെ പേരിൽ പത്തു നന്മ എഴുതപ്പെടുന്നു.'

مَا قَدَّمُوا وَآثَارَهُمْ എന്ന വാക്യത്തെ മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി വ്യാഖ്യാനിക്കുന്നത് ഇങ്ങനെയാണ്: മനുഷ്യൻ ഈ ലോകത്ത് വളരെ കാര്യങ്ങൾ തന്റെ സങ്കൽപത്തിനു യോജിച്ച വിധം പരലോകത്തിനു വേണ്ടി ചെയ്യുന്നു. വളരെ കാര്യങ്ങൾ തന്റെ ഭൗതിക ജീവിതത്തിനു വേണ്ടിയും ശേഷക്കാർക്കു വേണ്ടിയും ചെയ്യുന്നു. അല്ലാഹു ഈ രണ്ടു തരം കർമങ്ങളും കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. കൂടുതൽ പ്രബലമായത് ആദ്യം പറഞ്ഞ വ്യാഖ്യാനമാണ്.

നായകനും മാർഗദർശിയും കേന്ദ്രവുമൊക്കെയാണ് ഭാഷാർഥത്തിൽ امام. ഈ ആശയങ്ങളെ ആസ്പദമാക്കിത്തന്നെ ജനങ്ങൾക്ക് മാർഗദർശകവും അവലംബ കേന്ദ്രവുമായ ഗ്രന്ഥത്തെയും امام എന്നു പറയുന്നു. സൂറ *ഹൂദ്* 17-ാം സൂക്തവും *അഹ്ഖാഫ്* 12-ാം സൂക്തവും തൗറാത്തിനെ 'ഇമാം' എന്നു പരാമർശിക്കുന്നുണ്ട്. ഇവിടെ إِمَامٍ مُبِينٍ കൊണ്ട് സൂചിപ്പിക്കുന്നത് ഓരോ മനുഷ്യന്റെയും നല്ലതും ചീത്തയുമായ കർമങ്ങളും അത് പിൽക്കാലത്ത് സൃഷ്ടിച്ച നന്മതിന്മകളും കൃത്യമായി രേഖപ്പെടുത്തിയ കർമപുസ്തകമാണ്. ഈ പുസ്തകം അല്ലാഹുവിങ്കലുള്ള ലൗഹുൽ മഹ്ഫൂള് എന്നു വിളിക്കപ്പെടുന്ന വിശുദ്ധ ഫലകം തന്നെയാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ രേഖയുടെ അടിസ്ഥാനത്തിലാണ് രക്ഷാശിക്ഷകൾ വിധിക്കപ്പെടുക. ആളുകളുടെ വാക്കുകളും പ്രവൃത്തികളും രേഖപ്പെടുത്തുന്നതിൽ അല്ലാഹുവിന് ഏതെങ്കിലും തരത്തിലുള്ള അശ്രദ്ധയോ അലംഭാവമോ സംഭവിക്കുമെന്ന് ആരും തെറ്റിദ്ധരിക്കേണ്ടതില്ല. ഓരോ കാര്യവും അവൻ സുവ്യക്തമായ പട്ടികയിൽ കൃത്യമായി ചേർക്കുന്നുണ്ട്. അന്ത്യനാളിൽ ആ പട്ടിക ഓരോരുത്തരുടെയും മുന്നിൽ അവരുടെ ചെറുതും വലുതുമായ എല്ലാ നന്മതിന്മകളോടെയും തുറന്നുകാണിക്കും. ●

**തിരുത്ത്**

*പ്രബോധനം* 2020 ഒക്ടോബർ 9 (ലക്കം 3171) *ഖുർആൻ ബോധനം* 1083-ൽ *യാസീൻ* 6-ാം സൂക്തത്തിന്റെ വിശദീകരണത്തിൽ (പേജ് 29 കോളം 1) 'അകർമക ഭൂതകാല ക്രിയയാണ്' എന്ന് അച്ചടിച്ചത് 'ഭൂതകാല കർമണി പ്രയോഗമാണ്' എന്നും 8-ാം സൂക്തത്തിന്റെ വിശദീകരണത്തിൽ (പേജ് 31 കോളം 2) جعلنا - جعلنا - 'നാം തൂക്കി' എന്ന് അച്ചടിച്ചത് جعلنا - جعلنا - 'നാം ആക്കി' എന്നും തിരുത്തി വായിക്കാൻ അപേക്ഷ. തെറ്റുവന്നതിൽ ഖേദിക്കുന്നു.

പത്രാധിപർ